Government of Kerala

KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

നമ്പർ : KITE/ 2024/ 1562 (8) തീയതി : 29.01.2024

## സർക്കുലർ

വിഷയം :- **കൈറ്റ് - ലിറ്റിൽ കൈറ്റ്സ് - 2023-24 വർഷത്തെ ഡിജിറ്റൽ മാഗസിൻ അപ്‌ലോഡ് ചെയ്യുന്നത് സംബന്ധിച്ച്**

സൂചന:-
1. സ.ഉ (സാധാ) നം.361/ 2018/ പൊ.വി. തീയതി 20.01.2018
2. ഈ ഓഫീസിലെ 09.06.2023-ലെ KITE/ 2023/ 1562 (31) നമ്പർ സർക്കുലർ.

സൂചന 2 പ്രകാരം ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളുടെ 2023-24 അധ്യയനവർഷത്തെ പ്രവർത്തനങ്ങൾ സംബന്ധിച്ച് നിർദ്ദേശം പുറപ്പെടുവിച്ചിട്ടുണ്ട്. 2022-25 ലിറ്റിൽ കൈറ്റ്സ് ബാച്ചിന്റെ മലയാളം കമ്പ്യൂട്ടിംഗ് പരിശീലനത്തിന്റെ ഭാഗമായി ഓരോ വിദ്യാലയത്തിന്റേയും ഡിജിറ്റൽ മാഗസിൻ ഫെബ്രുവരി മാസത്തിൽ അംഗങ്ങളുടെ നേതൃത്വത്തിൽ തയാറാക്കുന്നതിന് സൂചന 2-ൽ നിർദേശിച്ചിരുന്നു. എല്ലാ യൂണിറ്റുകളും ഡിജിറ്റൽ മാഗസിൻ തയാറാക്കി 2024 ഫെബ്രുവരി 24 നകം ഉപജില്ലാ ചുമതലയുള്ള മാസ്റ്റർ ട്രെയിനർമാർക്ക് ഇ-മെയിൽ ചെയ്യേണ്ടതാണ്. ചുമതലയുള്ള മാസ്റ്റർ ട്രെയിനർമാർ സഹായക ഫയലിലെ മാർഗനിർദേശങ്ങൾ ക്കനുസരിച്ച് മാഗസിനുകൾ പരിശോധിച്ച് സ്കൂൾ വിക്കി സ്റ്റേറ്റ് ടീമിന് 2024 ഫെബ്രുവരി 29 നകം അയക്കേണ്ടതാണ്. മാഗസിൻ അപ്‌ലോഡ് ചെയ്യുന്നതിനുള്ള മാർഗനിർദേശങ്ങളും സഹായക ഫയലും അനുബന്ധമായി ചേർത്തിട്ടുണ്ട്.

വിശ്വസ്തതയോടെ,

കെ. അൻവർ സാദത്ത്
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

ലിറ്റിൽ കൈറ്റ്സ് യൂണിറ്റ് പ്രവർത്തിക്കുന്ന എല്ലാ വിദ്യാലയങ്ങളിലേയും പ്രഥമാധ്യാപകർക്ക് - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന

പകർപ്പ്:

പൊതുവിദ്യാഭ്യാസ ഡയറക്ടർ - (ആമുഖ കത്ത് സഹിതം)
എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ/ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും - ജില്ലാ കോ-ഓർഡിനേറ്റർ മുഖേന
അക്കാഡമിക്, അക്കൗണ്ട്സ് വിഭാഗം, കൈറ്റ്
എല്ലാ ഡി.സി., എം.ടി.സി., എം.ടി.മാർക്കും
സ്റ്റോക്ക് ഫയൽ

# 2023-24 ലെ ലിറ്റിൽ കൈറ്റ്സ് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കി സ്കൂൾവിക്കിയിൽ അപ്‌ലോഡ് ചെയ്യുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ

**സ്കൂൾതലത്തിൽ ചെയ്യേണ്ടത്:**

1. മാഗസിനിൽ ഉൾപ്പെടുത്തേണ്ട രചനകൾ ശേഖരിക്കുക. കുട്ടികളുടെ രചനകൾക്ക് പ്രാമുഖ്യം നൽകണം.
2. 2022 – 25 ബാച്ചിന്റെ മലയാളം കമ്പ്യൂട്ടിംഗ് ക്ലാസുകളുടെ ഭാഗമായി മാഗസിൻ തയ്യാറാക്കുക.
3. കൈറ്റ് മാസ്റ്റർ/ കൈറ്റ് മിസ്ട്രസ് മാഗസിൻ പൂർണ്ണമായി പരിശോധിക്കേണ്ടതും പകർപ്പവകാശമുള്ള ചിത്രങ്ങളും മറ്റ് രചനകളും മാഗസിനിൽ ഇല്ലായെന്ന് ഉറപ്പാക്കുക.
4. 2024 ഫെബ്രുവരി 24 ന് മുൻപ് മാഗസിൻ തയ്യാറാക്കി pdf രൂപത്തിൽ ഉപജില്ലാ ചുമതല വഹിക്കുന്ന കൈറ്റ് മാസ്റ്റർ ട്രെയിനർക്ക് ഇമെയിലായോ നേരിട്ടോ നൽകുക. (School code ഫയൽ നാമമായി).

**ജില്ലാതലത്തിൽ ചെയ്യേണ്ടത്:**

1. കൈറ്റ് മാസ്റ്റർ ട്രെയിനർ ഓരോ മാഗസിനും പരിശോധിക്കുകയും മാനദണ്ഡങ്ങൾ പാലിക്കാത്ത ഉള്ളടക്കമുണ്ടെങ്കിൽ സ്കൂളുകളോട് ആവശ്യപ്പെട്ട് അവ നീക്കം ചെയ്ത പുതിയ ഫയൽ വാങ്ങേണ്ടതാണ്.
2. ഫയൽസൈസ് 6 Mb യിൽ താഴെയാണെന്ന് ഉറപ്പാക്കുക.
3. മാഗസിന്റെ കവർ പേജിന്റെ ഒരു സ്ക്രീൻ ഷോട്ട് എടുത്ത് thumbnail ആയി ഉപയോഗിക്കുന്നതിന് School code.png എന്ന ഫയൽ നാമത്തിൽ സേവ് ചെയ്യുക.
4. ജില്ലയിലെ മുഴുവൻ ലിറ്റിൽ കൈറ്റ്സ് യൂണിറ്റുകളിൽ നിന്നുമുള്ള മാഗസിനുകളും (School code.pdf) അവയുടെ കവർ പേജിന്റെ ചിത്രവും (School code.png) ഒരു ഫോൾഡറിൽ ക്രമീകരിക്കുക.
5. ഇതോടൊപ്പം നൽകിയിരിക്കുന്ന ലിറ്റിൽകൈറ്റ്സ് യൂണിറ്റുകളുടെ പട്ടികയിൽ (LK_Magazine_School_list.ods) ഓരോ ജില്ലയും അവരുടെ മാഗസിനുകളുടെ വിവരം ചേർത്ത് മേൽപറഞ്ഞ ഫോൾഡറിൽ സ്പ്രെഡ്ഷീറ്റ് ഫോർമാറ്റിൽ ഉൾപ്പെടുത്തുക. (ഏതെങ്കിലും വിദ്യാലയത്തിൽ നിന്നും മാഗസിൽ ലഭിച്ചിട്ടില്ലെങ്കിൽ റിമാർക്ക് കോളത്തിൽ അക്കാര്യം വ്യക്തമാക്കുക. )
6. എല്ലാ ഫയലുകളും ചേർത്ത ഫോൾഡർ zip ഫയലായി lkmagazinekite@gmail.com എന്ന വിലാസത്തിലേക്ക് നിശ്ചിത തീയതിക്ക് മുമ്പ് അയക്കുക.